# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*


No.182/PR/PIC/PHQ/18 Date : 25.07.2018

---

**മനുഷ്യാവകാശ ലംഘനങ്ങൾക്കെതിരെ സമൂഹത്തിന്റെ കൂട്ടായ ഇടപെടലുണ്ടാകണം - മുഖ്യമന്ത്രി**

മനുഷ്യാവകാശ ലംഘനങ്ങൾ തടയുന്നതിന് സർക്കാരിനും പോലീസിനുമൊപ്പം സമൂഹത്തിന്റെയാകെ ഇടപെടലുണ്ടാകണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. പോലീസ് കംപ്ലയിന്റ് അതോറിറ്റി കേരള പോലീസിന്റെ സഹകരണത്തോടെ '*മനുഷ്യാവകാശങ്ങളും പോലീസും- സമീപകാല പ്രവണതകൾ*' എന്ന വിഷയത്തിൽ സംഘടിപ്പിച്ച ദേശീയ സെമിനാർ തിരുവനന്തപുരം ടാഗോർ തിയേറ്ററിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ചരിത്രപരമായ മുന്നേറ്റങ്ങളിലൂടെ മനുഷ്യാവകാശ സംരക്ഷണത്തിൽ വലിയ വിജയങ്ങൾ കൊയ്ത നാടാണ് കേരളം. നവോത്ഥാന പ്രക്രിയയിലൂടെ അയിത്തവും ജാതിമത വിവേചനങ്ങളും വലിയ അളവോളം ഇല്ലാതാക്കുവാൻ നമുക്കു കഴിഞ്ഞു. മതേതരവും ജനാധിപത്യപരവുമായ ആ മൂല്യങ്ങളിൽ നിന്നും നാം പുറകോട്ട് പോകുകയാണോ എന്ന് ചില സമകാലീന പ്രവണതകൾ സംശയം ജനിപ്പിക്കുന്നു. എഴുത്തുകാർ ഇവിടം വിട്ടു പോകണമെന്നും എഴുത്ത് അവസാനിപ്പിക്കണമെന്നും കൃതികൾ പിൻവലിക്കണമെന്നുമൊക്കെ ആവശ്യപ്പെടുന്ന സംഭവങ്ങൾ ജനാധിപത്യാവകാശങ്ങൾക്കു വേണ്ടി പോരാടിയ കേരളത്തിന് അപമാനമാണ്. സർക്കാരും പോലീസും ഇത്തരം പ്രവണതകൾക്കെതിരെ സാധ്യമായ നടപടികൾ സ്വീകരിക്കും. അതിനൊപ്പം സമൂഹമാകെ അവയ്ക്കെതിരെ ഒന്നിക്കേണ്ടതുണ്ട്.

തീവ്രവാദ അക്രമങ്ങൾ, ന്യൂനപക്ഷങ്ങൾക്കും ദുർബല വിഭാഗങ്ങൾക്കും എതിരെയുള്ള പലതരം കടന്നു കയറ്റങ്ങൾ, ആൾക്കൂട്ട കൊലപാതകങ്ങൾ, ഭീകരവാദ പ്രവർത്തനങ്ങൾ തുടങ്ങി നിരവധി മനുഷ്യാവകാശ ലംഘനങ്ങൾ രാജ്യത്തിന്റെ പല ഭാഗങ്ങളിലായി സംഭവിക്കുന്നു. സാമൂഹിക പ്രവർത്തകരും, എഴുത്തുകാരും, അക്കാദമിക് പ്രവർത്തകരും ഉൾപ്പെടെ നിരവധി വിഭാഗങ്ങൾ പലവിധ അതിക്രമങ്ങളും നേരിടുന്ന സാമൂഹിക സ്ഥിതിവിശേഷം രാജ്യത്തിന്റെ പലഭാഗങ്ങളിലും കണ്ടുവരുന്നു. ഇവയെല്ലാം മനുഷ്യാവകാശ ലംഘനങ്ങൾ കൂടിയാണ്.

ഏറ്റവും വലിയ മനുഷ്യാവകാശ സംരക്ഷകരാണ് പോലീസ്. നിയമങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി പോലീസിന് പലപ്പോഴും പൗരൻമാർക്ക് വേണ്ടി നിയന്ത്രണങ്ങൾ ഏർപ്പെടുത്തേണ്ടി വരും. അത്തരം ന്യായമായ നിയന്ത്രണങ്ങൾ അനിവാര്യവുമാണ്. അതിനപ്പുറമുള്ള അമിതാധികാര പ്രയോഗം, അന്യായമായ തടങ്കൽ, അഴിമതി, മൂന്നാംമുറ തുടങ്ങിയ പരാതികളിൽ ഒരു ദാക്ഷിണ്യവും ഈ സർക്കാരിന്റെ ഭാഗത്തു നിന്ന് ഉണ്ടാവുകയില്ല. ഇതിനകം വന്ന അത്തരം പരാതികളിൽ അതിശക്തമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. അത്തരം പ്രവണതകൾ പൂർണമായും ഇല്ലാതാക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. കുടുതൽ

അംഗബലവും അടിസ്ഥാന സൗകര്യങ്ങളും നൽകി കാര്യക്ഷമത മെച്ചപ്പെടുത്തുക, അഴിമതിയും മൂന്നാംമുറയും പോലുള്ള പ്രവണതകൾക്കെതിരെ ശക്തമായ നടപടികൾ കൈകൊള്ളുക. പോലീസ് ഉദ്യോഗസ്ഥരുടെ തൊഴിൽ സാഹചര്യങ്ങൾ മെച്ചപ്പെടുത്തി അവരുടെ മനുഷ്യാവകാശങ്ങൾ ഉറപ്പുവരുത്തുക എന്നീ കാര്യങ്ങളാണ് ഇതിനായി സർക്കാർ ചെയ്യുന്നത്. ഈ ലക്ഷ്യത്തോടെ നാലായിരത്തോളം തസ്തികകൾ രണ്ടു വർഷത്തിനുള്ളിൽ അനുവദിച്ചു. നിരവധി പുതിയ പോലീസ് സ്റ്റേഷനുകൾക്കും അനുമതി നല്കി. പോലീസ് സ്റ്റേഷനുകളുടെ മുഖഛായ മാറ്റുന്ന പ്രവർത്തനങ്ങളും നടന്നുവരുന്നു. ഇത്തരം നടപടികളിലൂടെ നമ്മുടെ പോലീസിന്റെ പ്രവർത്തനം ഏറെ മെച്ചപ്പെട്ടിട്ടുണ്ട്. *സെന്റർ ഫോർ ദ സ്റ്റഡി ഓഫ് ഡെവലപ്പിങ് സൊസൈറ്റീസ്, കോമൺ കോസ്* എന്നീ ഏജൻസികൾ അഖിലേന്ത്യാടിസ്ഥാനത്തിൽ നടത്തിയ പഠനപ്രകാരം ഇന്ത്യയിൽ പോലീസ് പ്രവർത്തനത്തിൽ ജനങ്ങൾ ഏറ്റവും കൂടുതൽ സംതൃപ്തി രേഖപ്പെടുത്തിയ സംസ്ഥാനമായി കേരളത്തെ തെരഞ്ഞെടുത്തത് ഇതിനു തെളിവാണ്.

പോലീസ് കംപ്ലയിന്റ് അതോറിറ്റിയും മനുഷ്യാവകാശ കമ്മീഷനുമുൾപ്പെടെയുള്ള വിവിധ സംവിധാനങ്ങളുടെ പരിമിതികൾ നീക്കുന്നതിന് ആവശ്യമായ സഹായങ്ങൾ സർക്കാർ നല്കും. സെൻസേഷണലിസത്തിന്റെ ഭാഗമായി അമിതപ്രാധാന്യവും പൊതുജനശ്രദ്ധയും ലഭിക്കുന്ന സംഭവങ്ങളുണ്ട്. അതിൽ വീണുപോകാതെ പ്രശ്നങ്ങളെ അവയുടെ വസ്തുതകളുടെ അടിസ്ഥാനത്തിൽ വിലയിരുത്താനും നിഗമനങ്ങളിലെത്തിച്ചേരാനും കഴിയുന്ന തരത്തിലാവണം ഇത്തരം ഏജൻസികളുടെ പ്രവർത്തനമെന്നും അദ്ദേഹം പറഞ്ഞു.

പോലീസ് കംപ്ലയിന്റ് അതോറിറ്റി ചെയർമാൻ ജസ്റ്റിസ് വി.കെ.മോഹനൻ അധ്യക്ഷത വഹിച്ചു. മുൻ സുപ്രീം കോടതി ജഡ്ജ് ജസ്റ്റിസ് വി.ഗോപാല ഗൗഡ മുഖ്യ പ്രഭാഷണം നടത്തി. സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ചെയർമാൻ ആന്റണി ഡോമിനിക്, നിയമ സെക്രട്ടറി ബി.ജി.ഹരീന്ദ്രനാഥ്, സംസ്ഥാനപോലീസ് മേധാവി ലോക്നാഥ് ബെഹറ, പോലീസ് കംപ്ലയിന്റ് അതോറിറ്റി അംഗങ്ങളായ കെ.എസ്. ബാലസുബ്രമണ്യൻ, തോമസ് പള്ളിക്കാപ്പറമ്പിൽ എന്നിവർ സംസാരിച്ചു.

വൈകിട്ട് സമാപന സെഷനിൽ പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല മുഖ്യപ്രഭാഷണം നടത്തി.

മുൻ സംസ്ഥാന പോലീസ് മേധാവി ജേക്കബ് പുന്നൂസ്, ഡോ എൻ.കെ.ജയകുമാർ (മുൻ വൈസ് ചാൻസലർ, നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്), മജ ദരുവ്വാല ( മുൻ എക്സിക്യൂട്ടീവ് ഡയറക്ടർ, കോമൺവെൽത്ത് ഹ്യൂമൺ റൈറ്റ്സ് ഇനിഷ്യേറ്റീവ്,) സീനിയർ കൗൺസൽ അഡ്വ. മിഹിർ ദേശായി, ഗ്ലോബൽ ബയോ എത്തിക്സ് കോൺഫറൻസിൽ ഏഷ്യയെ പ്രതിനിധീകരിച്ച നിയമവിദ്യാർഥിനി അനാമിക, കൃഷ്ണൻ, കംപ്ലയന്റ് അതോറിട്ടി സെക്രട്ടറി ജയ് സുഖ്ലാൽ തുടങ്ങിയവർ ഉദ്ഘാടന സമ്മേളനത്തിലും തുടർന്നു നടന്ന വിവിധ സെഷനുകളിലും പങ്കെടുത്തു.

**ഫോട്ടോ ക്യാപ്ഷൻ :**

ഫോട്ടോ 1 & 3 : തിരുവനന്തപുരം ടാഗോർ തിയേറ്ററിൽ സംഘടിപ്പിച്ച ദേശീയ സെമിനാർ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു സംസാരിക്കുന്നു.

ഫോട്ടോ 2. തിരുവനന്തപുരം ടാഗോർ തിയേറ്ററിൽ സംഘടിപ്പിച്ച ദേശീയ സെമിനാറിൽ മുൻ സുപ്രീം കോടതി ജഡ്ജ് ജസ്റ്റിസ് വി.ഗോപാല ഗൗഡ, സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ എന്നിവർ മുഖ്യമന്ത്രി പിണറായി വിജയനോടൊപ്പം.

********